| 27-10-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- നിങ്ങളുടെ മനസ്സിൽ സന്തോഷത്തിന്റെ വാദ്യം മുഴങ്ങണം എന്തുകൊണ്ടെന്നാൽ പരിധിയില്ലാത്ത അച്ഛൻ നിങ്ങൾക്ക് പരിധിയില്ലാത്ത സമ്പത്ത് നൽകാൻ വന്നിരിക്കുന്നു.**

**ചോദ്യം-** മായ മനുഷ്യരെ ഏതൊരു ഭ്രമത്തിലാണ് കുടുക്കിയിരിക്കുന്നത്, ആ കാരണത്താൽ അവർക്ക് സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യാൻ കഴിയുന്നില്ല?
**ഉത്തരം-** മായയുടെ അവസാനത്തെ മോടി കാണിക്കലാണ്, 100 വർഷത്തിനുള്ളിൽ വിമാനം, ഇലക്ട്രിസിറ്റി മുതലായ എന്തെല്ലാമാണ് വന്നത്.......... ഈ മോടി കണ്ട് മനുഷ്യർ കരുതുന്നു സ്വർഗ്ഗം ഇതുതന്നെയാണ്. ധനമുണ്ട്, കൊട്ടാരങ്ങളുണ്ട്, വാഹനങ്ങളുണ്ട്, ...... മതി, ഞങ്ങൾക്ക് ഇവിടം തന്നെ സ്വർഗ്ഗമാണ്. ഇത് മായയുടെ ഭ്രമിപ്പിക്കുന്ന സുഖമാണ്. ഇക്കാരണത്താലാണ് മനുഷ്യർ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യാത്തത്.

**ഗീതം-** മാതാ ഓ മാതാ........

**ഓം ശാന്തി**. കുട്ടികൾക്ക് ഈ കാര്യം മനസ്സിലാക്കിത്തന്നിട്ടുണ്ട് ആരാണോ മുമ്പ് ജീവിച്ചിരുന്നവർ അവരെക്കുറിച്ചാണ് മഹിമ പാടുന്നത്. ഭാരതവാസികൾക്ക് ഇതറിയില്ല. വിദ്വാനും പണ്ഡിതനും പോലും ഇതറിയില്ല. ജഗദംബ അർത്ഥം ഈ വിശ്വത്തിലെ മനുഷ്യരെ രചിക്കുന്നവർ. നിങ്ങൾക്ക് അറിയാം ആരെയാണോ ജഗദംബ എന്ന് വിളിക്കുന്നത് അവർ ഇപ്പോൾ നിങ്ങളുടെ സന്മുഖത്ത് ഇരിക്കുന്നുണ്ട്. ഭക്തിമാർഗ്ഗത്തിലാണെങ്കിൽ പാട്ടുകൾ മാത്രം പാടിവന്നു. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ജ്ഞാനം ലഭിച്ചു അർത്ഥം ജഗദംബയുടെ പരിചയം ലഭിച്ചു. ജഗദംബയുടെ പേരിൽ തന്നെ ഭിന്ന ഭിന്ന പ്രകാരത്തിലുള്ള അനേകം ചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. വാസ്തവത്തിൽ ജഗദംബ ഒന്നേയുള്ളു, അവരെ കാളിയെന്നു വിളിക്കുന്നു, സരസ്വതിയെന്നു വിളിക്കുന്നു, ദുർഗ്ഗ എന്നു വിളിക്കുന്നു, അനേകം പേര് വെച്ചതിനാൽ ആളുകൾ ആശയക്കുഴപ്പത്തിലായി. കൽക്കത്തയിലെ കാളി എന്നും പറയാറുണ്ട്. പക്ഷേ ഇങ്ങനെയുള്ള ചിത്രങ്ങളൊന്നും ഉണ്ടാകില്ല. ബാബ പറയുന്നു ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ സാമഗ്രികളാണ്. എപ്പോൾ ഭക്തിമാർഗ്ഗം ആരംഭിച്ചോ അപ്പോൾ മുതൽ രാവണരാജ്യവും ആരംഭിക്കുന്നു. ഇപ്പോൾ മനുഷ്യർക്ക് രാമൻ ആരാണ് രാവണൻ ആരാണ് എന്നൊന്നും അറിയില്ല, ഇത് പരിധിയില്ലാത്ത കഥയാണ്. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ അറിയാം രാവണരാജ്യം പൂർത്തിയായി വീണ്ടും രാമരാജ്യം ആരംഭിക്കും. രാമൻ തീർച്ചയായും സുഖം നൽകുന്നവനായിരിക്കും, രാവണൻ തീർച്ചയായും ദുഃഖം നൽകുന്നവനായിരിക്കും. ഭാരതം രാവണരാജ്യമാകുമ്പോൾ അതിനെ ശോകവാടിക എന്നു പറയുന്നു. അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട് നമ്മൾ എല്ലാവരും ഇപ്പോൾ രാവണരാജ്യത്തിലാണ്. ഭാരതത്തിന്റെ കാര്യമാണ് മുഖ്യമായിട്ടുള്ളത്. രാവണരാജ്യത്തിൽ നിങ്ങൾ ഭ്രഷ്ടാചാരിയായിരിക്കുന്നു. രാമൻ അർത്ഥം പരിധിയില്ലാത്ത അച്ഛനാണ് സുഖം നൽകുന്നയാൾ. ഈ സമയത്ത് എല്ലാ മനുഷ്യരും ആസുരീയ മതത്തിലാണ്. അല്ലാതെ രാവണൻ 10 തലയുള്ള ആളൊന്നുമല്ല. ഇതാണ് 5 വികാരങ്ങളുടെ മതം, ഇതിനെയാണ് രാവണന്റെ മതം എന്നു പറയുന്നത്. ശിവബാബയുടെ മതമാണ് ശ്രീമതം. ഇപ്പോൾ ആസുരീയ സമ്പ്രദായമല്ലേ. ഇത് പരിധിയില്ലാത്ത കാര്യമാണ്. ശ്രീമതത്തിലൂടെ 21 ജന്മത്തിലേയ്ക്ക് സുഖം പ്രാപ്തമാകുന്നു. ആസുരീയ മതത്തിലൂടെ നിങ്ങൾ 63 ജന്മം ദുഃഖം അനുഭവിച്ചു.

നിങ്ങൾക്ക് അറിയാം ഈ രാവണൻ ഏറ്റവും വലിയ ശത്രുവാണ്, ഇതിനെയാണ് കത്തിക്കുന്നത്. രാവണനെ കത്തിക്കുന്നത് എപ്പോൾ നമ്മൾ അവസാനിപ്പിക്കും എന്നുപോലും അറിയില്ല. പറയുന്നു- രാവണനെ കത്തിക്കുന്നത് പരമ്പരകളായി നടന്നുവരുന്നതാണ്. രൂപം ഉണ്ടാക്കി കത്തിക്കുന്നു. തീർച്ചയായും രാവണൻ എല്ലാവർക്കും ദുഃഖം നൽകിയിട്ടുണ്ട്, പ്രത്യേകിച്ച് ഭാരതത്തിന്. എങ്കിൽ രാവണൻ വളരെ വലിയ ശത്രുവായില്ലേ. പക്ഷേ ഈ പരിധിയില്ലാത്ത ശത്രുവിനെ ആർക്കും അറിയില്ല. പരിധിയില്ലാത്ത അച്ഛൻ വന്ന് പരിധിയില്ലാത്ത സുഖം നൽകുന്നു. ഇത്ര സഹജമായ കാര്യം പോലും വലിയ പണ്ഡിതന്മാർക്കും വിദ്വാന്മാർക്കും മനസ്സിലാക്കാൻ സാധിക്കുന്നില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം- നമുക്ക് പരിധിയില്ലാത്ത അച്ഛനിൽ നിന്നും സുഖത്തിന്റെ സമ്പത്ത് നേടണം. എന്നിട്ടും ഇടയ്ക്കിടയ്ക്ക് ബാബയെ മറന്നുപോകുന്നു. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ വിളിച്ചിരുന്നു-അല്ലയോ ഭഗവാനേ, ദയകാണിക്കൂ, എന്നോട് കൃപ കാണിക്കൂ. കൃപ കാണിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഏതെല്ലാം ഭാവനകളിൽ ദേവതകളെ പൂജിച്ചുവോ അതിന്റെ ഫലം അല്പകാലത്തിലേയ്ക്കുള്ള സുഖം തീർച്ചയായും നൽകുന്നു. മറ്റാർക്കും സുഖം നൽകാൻ കഴിയി

ല്ല. ഞാൻ തന്നെയാണ് സുഖദാതാവ്. ഭക്തിമാർഗ്ഗത്തിലും നൽകുന്നത് ഞാൻ തന്നെയാണ്. ഗോഡ്ഫാദർ ഇന്നത് ചെയ്തു എന്ന് പറയാറുണ്ട്. ഭഗവാനെക്കുറിച്ചാണ് പറയുന്നത്. സുഖം നൽകുന്നയാൾ ഒരേഒരു ബാബയാണെന്നിരിക്കെ പിന്നെ എന്തിനാണ് ഈ ധനം ഇന്ന സന്യാസിയാണ് നൽകിയത് എന്ന് പറയുന്നത്. പാടുന്നുമുണ്ട്– അല്ലയോ ഭഗവാനേ ഞങ്ങളുടെ ദുഃഖങ്ങളെ ദൂരെയകറ്റൂ. പിന്നെ എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നത് ഇന്ന സന്യാസി ഞങ്ങളുടെ ദുഃഖമെല്ലാം ഇല്ലാതാക്കി, കുട്ടിയെ നൽകി. അവരുടെ കൃപകൊണ്ടാണ് എല്ലാം ലഭിച്ചത് എന്ന് കരുതുന്നു. കച്ചവടത്തിൽ ലാഭമുണ്ടാകുമ്പോൾ അത് ഗുരുകൃപ കൊണ്ടാണ് സംഭവിച്ചത് എന്ന് കരുതുന്നു. നഷ്ടമുണ്ടാകുമ്പോൾ ഗുരുവിന്റെ കൃപയില്ലാത്തതിനാലാണ് സംഭവിച്ചത് എന്ന് പറയാറില്ല. പാവം ഭക്തന്മാർ മനസ്സിലാക്കുന്നതിനു പകരം എന്താണോ തോന്നുന്നത് അത് പറഞ്ഞുകൊണ്ടിരിക്കുന്നു. എന്താണോ കേൾക്കുന്നത് അത് അനുസരിച്ച് നടന്നുകൊണ്ടിരിക്കുന്നു. ഇതും ഡ്രാമയാണ്.

ഇപ്പോൾ ബാബ വന്ന് നിങ്ങളെ ബാബയുടേതാക്കി മാറ്റി. ബാബയോട് പ്രീതിവെയ്ക്കുന്നതിലും മായ വിഘ്നങ്ങളിടുന്നു. തീർത്തും മുഖം തിരിച്ചുകളയുന്നു. 21 ജന്മത്തേയ്ക്ക് സുഖം നൽകുന്ന ബാബയെ ഉപേക്ഷിക്കാൻ നിർബന്ധിതരാക്കുന്നു. ബാബ മനസ്സിലാക്കിത്തരുകയാണ് ജ്ഞാനമാർഗ്ഗവും ഭക്തിമാർഗ്ഗവും തമ്മിൽ രാത്രിയുടേയും പകലിന്റേയും വ്യത്യാസമുണ്ട്. ഭക്തി ചെയ്ത് ചെയ്ത് പാപ്പരായി മാറുമ്പോൾ ബാബ വീണ്ടും വന്ന് ജ്ഞാനം നൽകി നിങ്ങളെ 21 ജന്മത്തേയ്ക്ക് സമ്പന്നരാക്കുന്നു. ഭക്തിയാണെങ്കിൽ നിങ്ങൾ ജന്മ ജന്മാന്തരങ്ങളായി ചെയ്തുവന്നതാണ്, അതിൽ നിന്നും അല്പകാലസുഖമാണ് ലഭിക്കുന്നത്. ദുഃഖമാണെങ്കിൽ വളരെയാണല്ലോ. ബാബ പറയുന്നു– നിങ്ങൾ നഷ്ടപ്പെടുത്തിയ രാജ്യം തിരിച്ചുനൽകുന്നതിനായി ഞാൻ വന്നിരിക്കുകയാണ്. പരിധിയില്ലാത്ത കാര്യമായില്ലേ. ബാക്കി വേറെ ഒരു കാര്യവുമില്ല. ഈ ലക്ഷ്മീ നാരായണന്മാർ നിർവ്വികാരീ ദേവതകളാണ്. അവരുടെ കൊട്ടാരങ്ങളിൽ വളരെ അധികം വജ്രങ്ങളും രത്നങ്ങളുമുണ്ടാകും. നിങ്ങൾ മുന്നോട്ട് പോകവേ വളരെ അധികം കാര്യങ്ങൾ കാണും. എത്രത്തോളം അടുത്തുവരുന്നുവോ അത്രത്തോളം സ്വർഗ്ഗത്തിലെ സീനുകൾ അടുത്ത് കാണും. എത്ര വലിയ വലിയ സഭകളുണ്ടാകും. ജാലകങ്ങൾ സ്വർണ്ണം, വജ്രം, രത്നങ്ങൾകൊണ്ട് എത്ര അലങ്കരിച്ചിട്ടുണ്ടാകും. കഴിഞ്ഞു, ഈ രാത്രി പൂർത്തിയായി പകൽ ആരംഭിക്കും. നിങ്ങൾ ദിവ്യദൃഷ്ടിയിൽ ഏത് വൈകുണ്ഠത്തെയാണോ കണ്ടത് അത് തീർച്ചയായും പ്രാവർത്തികമാകും. നിങ്ങൾ ദിവ്യദൃഷ്ടിയിൽ ദർശിച്ച വിനാശം നേരിട്ട് കാണും. നിങ്ങളുടെ ഉള്ളിൽ സന്തോഷത്തിന്റെ വാദ്യം മുഴങ്ങണം. നമ്മൾ പരിധിയില്ലാത്ത ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. ഈ ചിത്രങ്ങളൊന്നും കൃത്യമല്ല. നിങ്ങൾ എല്ലാം ദിവ്യദൃഷ്ടിയിൽ കാണുന്നുണ്ട്. അവിടെചെന്ന് ആനന്ദനൃത്തം ചെയ്യുന്നു. എത്ര ചിത്രങ്ങളാണ് ഉണ്ടാക്കുന്നത്. ബാബ എന്തെല്ലാം ദിവ്യദൃഷ്ടിയിലൂടെ കാണിച്ചുതന്നോ അതെല്ലാം തീർച്ചയായും പ്രാക്ടിക്കലാകും. നിങ്ങൾക്കറിയാം ഈ മോശമായ ലോകം അവസാനിക്കും. നിങ്ങൾ ഇവിടെ ശ്രീമതം അനുസരിച്ച് തന്റെ സ്വരാജ്യം നേടുന്നതിനുള്ള പുരുഷാർത്ഥത്തിലാണ്. ജ്ഞാനമാർഗ്ഗം എവിടെ, ഭക്തിമാർഗ്ഗം എവിടെ. ഇവിടെ ഭാരതത്തിന്റെ സ്ഥിതി എന്താണെന്ന് നോക്കൂ– കഴിക്കാൻ അന്നമില്ല– വലിയ വലിയ പദ്ധതികൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇനി കുറച്ച് സമയമേ ബാക്കിയുള്ളൂ. അവരുടെ പദ്ധതികളും നിങ്ങളുടെ പദ്ധതികളും എങ്ങനെയുള്ളതാണെന്നു നോക്കൂ! ഈ കാര്യങ്ങളൊന്നും ഒരു ശാസ്ത്രത്തിലുമില്ല. രാമായണത്തിൽ എത്ര കഥകളാണ് എഴുതിയിരിക്കുന്നത്. പക്ഷേ സത്യം അതൊന്നുമല്ല. പിന്നെന്തിനാണ് രാവണനെ വർഷാവർഷം കത്തിക്കുന്നത്. രാവണനെ കത്തിച്ചാൽ രാവണൻ അവസാനിക്കേണ്ടതല്ലേ. ഭക്തിമാർഗ്ഗത്തിലെ വരുമാനം എന്താണ് പിന്നെ ജ്ഞാനമാർഗ്ഗത്തിലെ വരുമാനം എന്താണ്! ബാബ പൂർണ്ണമായി ഭണ്ഡാരം നിറച്ച് തരുന്നു. അവർക്കാണെങ്കിൽ വളരെ പരിശ്രമമാണ്. തീർച്ചയായും പവിത്രമായിരിക്കണം. എന്തിനാണ് അമൃത് ഉപേക്ഷിച്ച് വിഷം കുടിക്കുന്നത് എന്ന് പാട്ടുമുണ്ട്. അമൃതസറിൽ അമൃത് എന്ന പേരുള്ള ഒരു കുളം നിർമ്മിച്ചിട്ടുണ്ട്. കുളത്തിൽ ചെന്ന് മുങ്ങുന്നു. മാനസരോവരം എന്നപേരിലും ഒരു കുളം നിർമ്മിച്ചിട്ടുണ്ട്. മാനസരോവരം എന്നതിന്റെ അർത്ഥം അറിയില്ല. മാനസരോവരം അർത്ഥം നിരാകാരനായ പരമപിതാ പരമാത്മാവ്, ജ്ഞാനസാഗരൻ മനുഷ്യശരീരത്തിൽ വന്ന് ജ്ഞാനം കേൾപ്പിക്കുന്നു. മനുഷ്യർ ഇരുന്ന് എത്ര കഥകളാണ് ഉണ്ടാക്കിയിരിക്കുന്നത്. സർവ്വശാസ്ത്ര ശിരോമണി ഗീത..... പിന്നീട് അതിൽ കൃഷ്ണഭഗവാനുവാചാ എന്ന് എഴുതിയിരിക്കുന്നു. പിന്നെ കൃഷ്ണനെക്കുറിച്ചും എന്തെല്ലാമാണ് എഴുതിയിരിക്കുന്നത്. സർപ്പം ദംശിച്ചു, കൃഷ്ണൻ സ്ത്രീകളെ തട്ടിക്കൊണ്ടുപോയി..... എത്ര അസത്യമായ കളങ്കമാണ് ചാർത്തിയത്. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. കൃഷ്ണന്റെ കാര്യമേയില്ല. ഇവിടെ ബ്രഹ്മാവിലൂടെ പരമപിതാ പരമാത്മാവ് മുഴുവൻ വേദ ശാസ്ത്ര ഗ്രന്ഥങ്ങളുടെ സാരം ഇരുന്ന് മനസ്സിലാക്കിത്തരുന്നു. നമ്പർവൺ ശ്രീമത് ഭഗവദ്ഗീതയാണ്. ഭാരതവാസികളുടെ ധർമ്മശാസ്ത്രം ഒന്നേയുള്ളൂ, അതിനെത്തന്നെ ഖണ്ഡിച്ചതിനാൽ ബാക്കി അതിന്റെ കുട്ടിമക്കളായ വേദശാസ്ത്രങ്ങളും അസത്യമായിത്തീർന്നു.

ബാബ എത്ര നല്ലരീതിയിൽ മനസ്സിലാക്കിത്തരുന്നു എന്നിട്ടും മുന്നോട്ടുപോകവേ മായയിൽ നിന്നും അടി വാങ്ങുന്നു, ധാരണ ചെയ്യുന്നില്ല. ഇത് യുദ്ധസ്ഥലമാണ്. നിങ്ങൾ കുട്ടികളാണ്, നിങ്ങൾ ബ്രാഹ്മണരായിരിക്കുന്നു. ഗീതയിലൊന്നും ഇത്തരം കാര്യങ്ങൾ എഴുതിവച്ചിട്ടില്ല. നിങ്ങൾ ബ്രഹ്മാവിന്റെ മുഖവംശാവലികളാണ്, ബ്രഹ്മാവിലൂടെയാണ് യജ്ഞം രചിച്ചത്. രുദ്രജ്ഞാനയജ്ഞം എന്നത് ശരിയാണ് ബാക്കി യുദ്ധമൈതാനം എവിടെ നിന്നു വന്നു? രാജസ്വ അശ്വമേധയജ്ഞം എന്ന് പാടപ്പെട്ടിട്ടുണ്ട്. ഈ രഥത്തെ നമ്മൾ ബലിനൽകുന്നു. അവർ പിന്നീട് ദക്ഷപ്രജാപതിയുടെ യജ്ഞം രചിച്ച് അതിൽ കുതിരയെ അർപ്പിക്കുന്നു. എന്തെല്ലാമാണ് എഴുതിവെച്ചിരിക്കുന്നത്. നിങ്ങൾക്ക് അറിയാം സത്യയുഗത്തിൽ ഭാരതം സ്വർഗ്ഗമായിരുന്നു അതിനാൽ അവിടെ തീർച്ചയായും കുറച്ച്പേരേ ഉണ്ടാകൂ. ദേവീദേവതകൾ കുറച്ചുപേരേയുള്ളു. യമുനയുടെ തീരത്ത് രാജധാനിയുണ്ടാകും. ദേവീദേവതകൾ മാത്രം രാജ്യം ഭരിക്കും. കാശ്മീരിലേയ്ക്കോ ഷിംലയിലേയ്ക്കോ പോകേണ്ടിവരാൻ അവിടെ ചൂടൊന്നും ഉണ്ടാകില്ല. തത്വങ്ങളും പൂർണ്ണമായും സതോപ്രധാനമായിരിക്കും. ഇതും മനസ്സിലാക്കേണ്ടവരേ മനസ്സിലാക്കൂ. സത്യയുഗത്തെ സ്വർഗ്ഗമെന്നും കലിയുഗത്തെ നരകമെന്നും വിളിക്കുന്നു. ദ്വാപരത്തെ ഇത്രയും വലിയ നരകമെന്നുപറയില്ല. ത്രേതയിൽ രണ്ട് കലകൾ കുറയുന്നു. ഏറ്റവും കൂടുതൽ സുഖം സ്വർഗ്ഗത്തിലാണുള്ളത്. ഇന്നയാൾ സ്വർഗ്ഗത്തിലേയ്ക്കുപോയി എന്നു പറയാറുണ്ട്. പക്ഷേ സ്വർഗ്ഗത്തിന്റെ അർത്ഥം എന്താണെന്ന് മനസ്സിലാക്കുന്നില്ല. സ്വർഗ്ഗവാസിയായെങ്കിൽ, തീർച്ചയായും ഇതുവരെ നരകത്തിലായിരിക്കണം വസിച്ചത്. ഓരോ മനുഷ്യരും നരകത്തിലാണ്. ഇപ്പോൾ ബാബ നിങ്ങൾക്ക് പരിധിയില്ലാത്ത രാജ്യം നൽകുകയാണ്. അവിടെ എല്ലാം നിങ്ങളുടേതായിരിക്കും. നിങ്ങളുടെ ഭൂമി, നിങ്ങളുടെ ആകാശം, നിങ്ങൾ അഖണ്ഡവും അചഞ്ചലവും ശാന്തിമയവുമായ രാജ്യം ഭരിക്കും. ദുഃഖത്തിന്റെ പേര് പോലും ഉണ്ടാകില്ല. എങ്കിൽ അതിനായി എത്ര പുരുഷാർത്ഥം ചെയ്യണം. കുട്ടികളുടെ അവസ്ഥ എങ്ങനെയുണ്ട്. നമ്മുടെ മമ്മയും ബാബയും നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്യുന്നുണ്ട് എന്ന് അറിയാം എങ്കിൽ പിന്നെ നമുക്കും എന്തുകൊണ്ട് പുരുഷാർത്ഥം ചെയ്ത് സമ്പത്ത് നേടിക്കൂടാ.

അച്ഛൻ പറയുന്നു- കുട്ടികളേ- ക്ഷീണിക്കരുത്, ശ്രീമതത്തിലൂടെ നടന്നുകൊണ്ടിരിക്കൂ. ശ്രീമതത്തെ ഒരിയ്ക്കലും മറക്കരുത്. ഇതിൽ വളരെ ശ്രദ്ധവേണം. എന്ത് ചെയ്യുകയാണെങ്കിലും ചോദിക്കൂ- ബാബാ ഞങ്ങൾക്ക് ഇതിൽ ആശയക്കുഴപ്പമുണ്ട്, ഇങ്ങനെ ചെയ്യുന്നതിൽ ഞങ്ങളുടെമേൽ പാപം വരില്ലല്ലോ. ബാബ ഒരിയ്ക്കലും ആരിൽ നിന്നും ഒന്നും എടുക്കാറില്ല. ഭക്തിമാർഗ്ഗത്തിലും ഈശ്വരാർത്ഥം ദാനം ചെയ്യുമ്പോൾ റിട്ടേൺ പിന്നീട് ലഭിക്കുന്നു. ശിവബാബ എടുത്തിട്ട് എന്ത് ചെയ്യാനാണ് ശിവബാബയ്ക്ക് കൊട്ടാരമൊന്നും ഉണ്ടാക്കേണ്ടതില്ലല്ലോ. എല്ലാം കുട്ടികൾക്ക് വേണ്ടിയാണ് ചെയ്യുന്നത്. കെട്ടിടങ്ങൾ ഉണ്ടാക്കുന്നതും നിങ്ങൾക്ക് താമസിക്കാൻ വേണ്ടിയാണ്. നിങ്ങളുടെ ഓർമ്മചിഹ്നങ്ങളായി ക്ഷേത്രങ്ങളും ഇവിടെയുണ്ട്. ആരാണോ സർവ്വീസബിളായ കുട്ടികൾ അവർ മുന്നോട്ട് പോകവേ വളരെ അത്ഭുതങ്ങൾ കാണും. ഇവിടെ ഇരിക്കെ ഇരിക്കെ സ്വർഗ്ഗത്തിൽ കറങ്ങുന്നുണ്ടാകും. പിന്നീട് അവിടെച്ചെന്ന് കൊട്ടാരങ്ങൾ ഉണ്ടാക്കും. കെട്ടിടങ്ങൾ നിർമ്മിക്കുന്നതിൽ മത്സരം ഉണ്ടാകാറില്ലേ. ഇപ്പോൾ 100 വർഷങ്ങൾക്കുള്ളിൽ എത്രയുണ്ടാക്കി. ഭാരതത്തെ സ്വർഗ്ഗം പോലെയാക്കി. എങ്കിൽ അവിടെ 100 വർഷം കൊണ്ട് എന്തെല്ലാമുണ്ടാക്കും ചിന്തിച്ചിട്ടുണ്ടോ. മുഴുവൻ സയൻസും അവിടെ നിങ്ങൾക്ക് ഉപയോഗത്തിൽ വരും. സയൻസിന്റെ സുഖം അവിടെത്തന്നെയാണ്. ഇവിടെ ദുഃഖമാണ്. സയൻസിനുവേണ്ടി എത്ര പരിശ്രമിക്കുന്നു. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇത് കേവലം അവരുടെ പൊങ്ങച്ചമാണ്, അല്പകാലത്തെ ക്ഷണഭംഗുരമായ സുഖമാണുള്ളത്, ഇത് മായയുടെ അവസാനസമയത്തെ അടവാണ്. ഇപ്പോൾ വിമാനം റോക്കറ്റ് മുതലായവയിൽ പോകുന്നു. മുമ്പ് ഈ സാധനങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഇലക്ട്രിസിറ്റി പോലും ഉണ്ടായിരുന്നില്ല. ഇതെല്ലാം മായയുടെ സുഖങ്ങളാണ്, ഇത് മനുഷ്യനെ ഭ്രമിപ്പിക്കുന്നു. മനുഷ്യർ കരുതുന്നു ഇതുതന്നെയാണ് സ്വർഗ്ഗം, വിമാനം മുതലായവ സ്വർഗ്ഗത്തിലായിരുന്നു ഉണ്ടായിരുന്നത് എങ്കിൽ ഇത് സ്വർഗ്ഗമല്ലേ. ഇപ്പോൾ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ് എന്നത് മനസ്സിലാക്കുന്നില്ല. ധനമുണ്ട്, കൊട്ടാരമുണ്ട്, മതി ഞങ്ങൾക്ക് ഇതുതന്നെ സ്വർഗ്ഗമാണ് എന്ന് കരുതുന്നു. ശരി, നിങ്ങളുടെ ഭാഗ്യത്തിൽ ഈ സ്വർഗ്ഗമേയുള്ളൂ. നമുക്ക് പരിശ്രമിച്ച് സത്യംസത്യമായ സ്വർഗ്ഗത്തിലേയ്ക്ക് പോകണം, അതിനായാണ് നിങ്ങൾ പരിശ്രമിക്കുന്നത്. പുരുഷാർത്ഥത്തിൽ തണുത്തുപോകരുത്. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നും പുരുഷാർത്ഥം ചെയ്യണം. സേവനം ചെയ്യണം. സ്വയം പവിത്രമായി മാറി പിന്നീട് തന്റെ മിത്ര സംബന്ധികളേയും യോഗ്യരാക്കി മാറ്റൂ, മധുര മധുരമായ കാര്യങ്ങൾ കേൾപ്പിക്കൂ. ബാബ രണ്ട് അച്ഛന്മാരുടെ പോയിന്റ് വളരെ നല്ലരീതിയിൽ മനസ്സിലാക്കിത്തന്നു. സമ്പത്ത് വസ്തുവകകളായി അച്ഛനിൽ നിന്നാണ് ലഭിക്കുക. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ

ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) പുരുഷാർത്ഥത്തിൽ ഒരിയ്ക്കലും ക്ഷീണിക്കരുത്. വളരെ ശ്രദ്ധയോടെ ശ്രീമതത്തിലൂടെ നടക്കണം. ആശയക്കുഴപ്പത്തിൽ വരരുത്.

2) ഒരു പാപകർമ്മവും ചെയ്യരുത്. സത്യം സത്യമായ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുവേണ്ടി പവിത്രമായി മാറുന്നതിനും പവിത്രമാക്കി മാറ്റുന്നതിനുമുള്ള സേവനം ചെയ്യണം.

### വരദാനം:- നിശ്ചയബുദ്ധിയായി ലൗകികത്തിൽ അലൗകിക ഭാവന വയ്ക്കുന്ന ഡബിൾ സേവാധാരിയായി ഭവിക്കൂ

പല കുട്ടികളും സേവനം ചെയ്ത്-ചെയ്ത് ക്ഷീണിച്ച് പോകുന്നു, ചിന്തിക്കുന്നു ഇവർ മാറുകയേയില്ല. ഇങ്ങനെ നിരാശരാകരുത്. നിശ്ചയബുദ്ധിയായി, എന്റേതെന്ന സംബന്ധത്തിൽ നിന്ന് വേറിട്ട് പൊയ്ക്കൊണ്ടിരിക്കൂ. ചില ചില ആത്മാക്കളുടെ ഭക്തിയുടെ കണക്ക് പൂർത്തിയാകുന്നതിൽ സമയമെടുക്കുന്നു അതുകൊണ്ട് ക്ഷമ കൈക്കൊണ്ട്, സാക്ഷി സ്ഥിതിയിൽ സ്ഥിതി ചെയ്യൂ, ശാന്തിയുടെയും ശക്തിയുടേയും സഹയോഗം നൽകിക്കൊണ്ടിരിക്കൂ. ലൗകികത്തിൽ അലൗകിക ഭാവന വയ്ക്കൂ. ഡബിൾ സേവാധാരി, ട്രസ്റ്റിയാകൂ.

### സ്ലോഗൻ:- തന്റെ ശ്രേഷ്ഠ വൃത്തിയിലൂടെ വായുമണ്ഡലത്തെ ശ്രേഷ്ഠമാക്കുന്നത് തന്നെയാണ് സത്യമായ സേവനം.